പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1196

11.06.2019-ൽ മറുപടിക്ക്

## ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ.പി. ഉണ്ണി : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഒറ്റപ്പാലം ടൗണിനോടനുബന്ധിച്ചുള്ള ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയപുരം പാലങ്ങളുടെ നിർമ്മാണത്തിനായി കിഫ്ബി 2016-17 -ൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി 31.10.2016-ലെ സ.ഉ.(സാധാ)നം. 1496/2016/പൊ.മ.വ പ്രകാരം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ കണ്ണിയപുരം പാലത്തിന് ആവശ്യമായ സ്ഥലം ലഭ്യമായിരുന്നു. എന്നാൽ ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന് സ്ഥലം ലഭ്യമാക്കേണ്ടിയിരുന്നു. ഈ രണ്ടു പ്രവൃത്തികളും ഒരേ ഭരണാനുമതിയിൽ ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാതിരുന്നതിനാൽ ഒറ്റപ്പാലം എം.എൽ.എ ശ്രീ.പി.ഉണ്ണിയുടെ ആവശ്യപ്രകാരം കണ്ണിയപുരം പാലത്തിനുവേണ്ടി മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് 26.04.2018-ലെ സ.ഉ.(സാധാ)നം. 766/2018/പൊ.മ.വ പ്രകാരം 430 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. നടപടികൾ പൂർത്തീകരിച്ച് കണ്ണിയപുരം പാലം നിർമ്മാണം ഇപ്പോൾ പുരോഗമിച്ചുവരുന്നു. |

| | |
|---|---|
| (ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്; സാങ്കേതികാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ